പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4172   21/07/2015-ൽ മറുപടിയ്ക്ക്

## പഴം ,പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.പി.മുഹമ്മദ്<br>,, ടി.എൻ. പ്രതാപൻ<br>,, ഷാഫി പറമ്പിൽ<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പഴം, പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും, പുതിയ തലമുറയെ കാർഷിക വൃത്തിയിലേയ്ക്കാകർഷിക്കാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവ കൃഷിയ്ക്ക് ഊന്നൽ നല്കികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവ കൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും, കൈപുസ്തകങ്ങളും, സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന നല്കി വരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പദ്ധതി മുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് |

അധികമായി പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; | സി) | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രോമോഷൻ കൗൺസിൽ കേരള, കേരള സ്റ്റേറ്റ് വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ-കൾ മീഡിയകൾ എന്നിവരെ സഹകരിപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | ഡി) | സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷി ഭവൻ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്.<br>കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനായി 81 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിക്കുള്ള വാർഷിക കർമ്മ പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**